# File No.LSGD-IA1/169/2019-LSGD

'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കുടുംബശ്രീ കാസർഗോഡ് മോഗ്രാൽ ജി.വി.എച്ച്.എസ്.എസ്-ലെ എൽ.ഡി ക്ലർക്കായ ശ്രീ. ഉമേഷ്.ബി-യുടെ കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1630/2019/ത.സ്വ.ഭ.വ   തിയതി,തിരുവനന്തപുരം, 29/07/2019

---

പരാമർശം:- 1 10.05.2013 ലെ 42/2013/ഫിൻ നം. സർക്കുലർ

2 28.11.2013 ലെ സ.ഉ.(പി)നം. 580/2013/ഫിൻ ഉത്തരവ്

3 20/03/2017 ലെ സ.ഉ(സാധാ)നം. 789/17/തസ്വഭവ ഉത്തരവ്

4 11/06/2018 ലെ സ.ഉ(സാധാ)1590/2018/തസ്വഭവ ഉത്തരവ്

5 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15/05/2019-ലെ 3452/ഇ1/18 കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

<u>ഉത്തരവ്</u>

കാസർഗോഡ് മോഗ്രാൽ ജി.വി.എച്ച്.എസ്.എസ്-ലെ എൽ.ഡി ക്ലർക്കായ ശ്രീ. ഉമേഷ്.ബി-യെ കുടുംബശ്രീ കൊല്ലം ജില്ലാ മിഷൻ ഓഫീസിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3) പ്രകാരം നിയമിക്കുകയും പരാമർശം (4),പ്രകാരം ടിയാളുടെ അന്യത്രസേവനം 02/05/2019 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(2) ടിയാളുടെ അന്യത്രസേവന കാലാവധി 02/05/2019 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ 03/05/2019 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് മോഗ്രാൽ ജി.വി.എച്ച്.എസ്.എസ്-ലെ എൽ.ഡി ക്ലർക്കായ ശ്രീ. ഉമേഷ്.ബി -യുടെ കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവനകാലം കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I ചട്ടം (140 സി) പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി 03/05/2019 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജയശ്രീ എൽ

അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിക്ക് (തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ഡയറക്ടർ, തൊഴിലധിഷ്ഠിത ഹയർസെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ